**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ - എക്സ്ഗ്രേഷ്യ - പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 05/01/2014 - ൽ മരണപ്പെട്ട മാധവൻ നായരുടെ ഭാര്യ ശ്രീമതി.കമലയ്ക്ക് കുടുംബ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(സാധാ) നം.**8137/2018/**ധന. തിരുവനന്തപുരം, തീയതി .**03/10/2018**.

---

പരാമർശം:- (1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 07/07/2018 – ലെ എ.ഇ 4/ 559034/18/ ആ.വ.ഡ. നം.കത്ത്.

(2) 20/01/2016 ലെ സ.ഉ(പി)നം.9/2016/ധന നമ്പർ ഉത്തരവ്.

(3) PPO No. 62293116.

(4) Form No.6 ലുള്ള അപേക്ഷ.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിൽ നിന്ന് 31/07/1991 - ൽ വിരമിച്ച മാധവൻ നായർ എക്സ്ഗ്രേഷ്യ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കെ 05/01/2014 – ൽ മരണപ്പെട്ടതിനാൽ പരാമർശം(2) ഉത്തരവിന്റെ ഖണ്ഡിക 10 അനുസരിച്ച് പരേതന്റെ ഭാര്യ ശ്രീമതി.കമലയ്ക്ക് എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം (2) ലെ ഉത്തരവിലെ ഖണ്ഡിക 10 – ൽ പരാമർശിച്ചിരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാലും മരണപ്പെട്ട മാധവൻ നായരുടെ സർവ്വീസ് കാലയളവ് 06 വർഷം ആണെന്ന് വ്യക്തമായതിനാലും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ ഭാര്യ ശ്രീമതി. കമലയ്ക്ക് 1530/- രൂപ 01/07/2014 മുതൽ എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ ഇനത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. 1530/- രൂപയ്ക്ക് അനുസൃതമായ ക്ഷാമാശ്വാസത്തിന് ടിയാൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3) പ്രസ്തുത പെൻഷൻ നൽകുന്നതിനാവശ്യമായ അധികാര ദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071 - 01 - 105 -99 " കുടുംബ പെൻഷൻ (വോട്ടു ചെയ്തത്) 'നോൺ പ്ലാൻ 'എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1) അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം.
2) അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3) അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4) ആരോഗ്യവകുപ്പ് ഡയറക്ടർ,തിരുവനന്തപുരം.
5) ശ്രീമതി. കമല,അരുമൻകണ്ടി, കാവിൽ നടുവണ്ണൂർ,കൊയിലാണ്ടി,കോഴിക്കോട്.
6) സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, പേരാമ്പ്ര.
7) നോഡൽ ഓഫീസർ, www.finance.kerala.gov.in
8) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E- 930094)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**